15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4249 — 06-03-2023 - ൽ മറുപടിയ്ക്ക്

മെഡിസെപ്പ് പദ്ധതിയിൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ഫണ്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പ് പദ്ധതിയിൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ഫണ്ട് തീർന്നതിനാൽ മുൻനിശ്ചയിച്ച ശസ്ത്രക്രിയകൾ വരെ ആശുപത്രികൾ മാറ്റിവയ്ക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംജാതമായിട്ടുള്ളത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; അടിയന്തരമായി ഫണ്ട് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | **മെഡിസെപ്പ് പദ്ധതിയിൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ഫണ്ട് തീർന്നതിനാൽ മുൻനിശ്ചയിച്ച ശസ്ത്രക്രിയകൾ വരെ ആശുപത്രികൾ മാറ്റിവയ്ക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംജാതമായ സാഹചര്യം ഉണ്ടായിട്ടില്ല. 23.06.2022-ലെ ജി ഒ (പി) നം.70/2022/ധന സർക്കാർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച പദ്ധതിയിലും ഇൻഷ്വറൻസ് കമ്പനിയുമായുള്ള MoU പ്രകാരവും 12 ഇന അവയവമാറ്റ ശസ്ത്രക്രിയകൾക്കായി 35 കോടിയിൽ കുറയാത്ത തുക മൂന്ന് വർഷ കാലയളവിലേയ്ക്ക് കോർപ്പസ് ഫണ്ടായി ഇൻഷ്വറൻസ് കമ്പനിതന്നെയാണ് അവർക്ക് വാർഷിക പ്രീമിയം തുകയായി നൽകുന്ന തുകയിൽനിന്നും കരുതി വയ്ക്കേണ്ടത്. പ്രസ്തുത തുക തീരുന്ന മുറയ്ക്ക് കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. മാത്രമല്ല നിർദ്ദിഷ്ട അവയവമാറ്റ ശസ്ത്രക്രിയ പാക്കേജിൽ ഉൾപ്പെടാത്ത പുതിയ ചികിത്സകൾക്കായി സർക്കാർ കോർപ്പസ് ഫണ്ടായി സൂക്ഷിച്ചിരിക്കുന്ന തുക ചികിത്സകളെ ഉൾപ്പെടുത്തുന്നതിനായി ആരോഗ്യവകുപ്പുമായി ആലോചിച്ച് ഉൾപ്പെടുത്തി, ഇൻഷ്വറൻസ് കമ്പനിയ്ക്ക് ആവശ്യമെങ്കിൽ റീഇമ്പേഴ്സ് ചെയ്ത് നൽകുന്നതായിരിക്കും.** |
| (ബി) | ജീവനക്കാരിൽ നിന്നും മെഡിസെപ്പ് ഇൻഷ്വറൻസ് പ്രീമിയം പിരിച്ചെടുത്ത ശേഷം ചികിത്സ നിഷേധിക്കുന്ന സാഹചര്യത്തിൽ താല്പര്യമില്ലാത്ത ജീവനക്കാർക്ക് പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ | (ബി) | മെഡിസെപ് -ൽ എംപാനൽ ചെയ്ത ആശുപത്രികൾ ജീവനക്കാർക്ക് ചികിത്സ നിഷേധിക്കുന്ന സാഹചര്യം നിലവിലില്ല. ഇത്തരം സാഹചര്യം വരുന്ന പക്ഷം പ്രസ്തുത ചികിത്സ ലഭ്യമാക്കുന്നതിനുള്ള കർശന നിർദ്ദേശം ഇൻഷ്വറൻസ് കമ്പനി മുഖേന ആശുപത്രി |

| | | | |
|---|---|---|---|
| | നിന്നും പിന്മാറുന്നതിന് അവസരം നൽകുമോയെന്ന് വ്യക്തമാക്കുമോ? | | അധികൃതർക്ക് നൽകുകയും പ്രസ്തുത ചികിത്സ ലഭ്യമാക്കുകയും ചെയ്തുവരുന്നു. കൂടാതെ **സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവർക്കും അവരുടെ ആശ്രിതർക്കും ഗുണഫലം കിട്ടുന്ന രീതിയിൽ ആസൂത്രണം ചെയ്ത് ആരംഭിച്ച പദ്ധതിയായതിനാൽ ഗുണഭോക്താക്കളാരെയും മെഡിസെപ്പ് പദ്ധതിയിൽ നിന്നും ഒഴിവാക്കുവാൻ നിർവ്വാഹമില്ല.** |

സെക്ഷൻ ഓഫീസർ